## കൃഷി ഓഫീസ്

118 (2916)ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ കുണ്ടംകുഴി എന്ന സ്ഥലത്ത് കൃഷി ഓഫീസ് അനുവദിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കൃഷി ഓഫീസ് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷക സംഖ്യ, വിസ്തൃതി എന്നിവയുടെ അടിസ്ഥാനത്തിൽ കൃഷിഭവനുകൾ പുനഃസംഘടിപ്പിക്കാനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരികയാണ്.

## കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ സർക്കാരിന് സ്വന്തമായുള്ള ഭൂമി

119 (2917) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്തെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ എത്ര ഭൂമി സർക്കാരിന് സ്വന്തമായുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാന നഗരാസൂത്രണവകുപ്പ് ഇതു സംബന്ധിച്ച് നടത്തിയ സർവ്വേയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ റിപ്പോർട്ട് അടിയന്തിരമായി പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി)&(സി) സംസ്ഥാന നഗരാസൂത്രണ വകുപ്പ് സംസ്ഥാനതലത്തിൽ ഇത് സംബന്ധിച്ച് സർവ്വേ നടത്തിയിട്ടില്ല. തിരുവനന്തപുരം നഗരത്തിൽ മാത്രമായി വിവരശേഖരണം നടത്തിയിട്ടുണ്ട്. അത് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിച്ച് തയ്യാറാക്കിയതല്ല.

## സ്വപ്നനഗരി

120 (2918) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ അരയിടത്ത് പാലത്തിന് അടുത്ത് കനോലി കനാലിനു കിഴക്കുവശം "സ്വപ്നനഗരി" നിർമ്മിക്കുന്നതിന് നഗരസഭയും ഡി.ടി.പി.സി. യും ടൂറിസം വകുപ്പും ചേർന്ന് തീരുമാനിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വപ്നനഗരി പദ്ധതി ഇല്ലാതാക്കുന്നതിനുവേണ്ടി 16.2.1996-ൽ 42391/ഡി3 /95/തഭവ എന്ന നമ്പരിൽ ഒരു ഉത്തരവ് ഇറക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് സ്വപ്നനഗരി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാമർശവിധേയമായ സ്ഥലത്ത് സ്വപ്നനഗരി എന്ന ഒരു പദ്ധതി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പരിഗണനയിലില്ലെന്നും, സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള ആവശ്യം പരിഗണനയിലില്ലെന്നും 7.2.1996-ൽ കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 16.2.1996-ലെ 42391/ഡി3 /95/തഭവ എന്ന കത്തുമുഖേന മാർക്കസു സയാഫത്തി സുന്നിയ്യ വക ആശുപത്രി മുതലായവ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം അക്വിസിഷനിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്നറിയിക്കുകയുണ്ടായി.

(സി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്നകാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

## റോഡു കയ്യേറിയതായി പരാതി

121 (2914)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ മുടവൻമുഗൾ വാർഡിൽ സർവ്വേ നമ്പർ 936/234- ൽ 4.124 സെന്റ് വസ്തുവിന്റെ ഉടമ കോർപ്പറേഷനിൽ നിന്നു കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി വാങ്ങിയശേഷം കെട്ടിട നിർമ്മാണചട്ടം ലംഘിച്ചുകൊണ്ട് വടക്കുഭാഗത്തുള്ള റോഡ് കയ്യേറിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ സർവ്വേ നമ്പരിലുള്ള വീടിന്റെ ചുറ്റുമതിൽ കെട്ടുന്നതിന് തെറ്റായ പ്ലാൻ അപേക്ഷ നൽകിയതും ട്രിഡ അനുമതി നൽകാതിരുന്നിട്ടും കോർപ്പറേഷൻ അനുമതി നൽകിയത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) വസ്തുവിൽ കെട്ടിടം നിർമ്മിക്കുന്നതിനായി വില ആധാരപ്രകാരമുള്ള സൈറ്റ് പ്ലാനും (എൽ.ആർ. 597/94) അതേ വസ്തുവിൽ തന്നെ മതിൽ കെട്ടാൻ തെറ്റായ സൈറ്റ് പ്ലാനും (എൽ.ആർ. 1952/96) നൽകിയിട്ടും കോർപ്പറേഷൻ മതിൽ കെട്ടുന്നതിന് അനുമതി നൽകിയത് നിയമപ്രകാരമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിലെ വിജിലൻസ് ഓഫീസർ സ്ഥലം സന്ദർശിച്ച് വസ്തു ഉടമ കെട്ടിടനിർമ്മാണചട്ടം ലംഘിച്ച് മതിൽ കെട്ടിയതായി കണ്ടെത്തി മേൽനടപടിക്കായി ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly